## പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 6408

31.10.2011-ൽ മറുപടിക്ക്.

## ലൈഫ് സയൻസ് പാർക്കിനുവേണ്ടിയുള്ള ഭൂമി ഏറ്റെടുക്കൽ നടപടികൾ

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശശി : | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പുമന്ത്രി) |
| (എ) തിരുവനന്തപുരം ജില്ലയിൽ മംഗലപുരം ഗ്രാമ പഞ്ചായത്തിൽ കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിനു--വേണ്ടി എത്ര ഏക്കർ ഭൂമിയാണ് പൊന്നും വിലയ്ക്ക് ഏറ്റെടുക്കാൻ ലക്ഷ്യമിട്ടിട്ടുള്ളത് ; ഇതിൽ എത്ര ഏക്കർ ഭൂമിയാണ് ഏറ്റെടുക്കാൻ സാധിച്ചിട്ടുള്ളത് ; | (എ) കെ.എസ്.ഐ.ഡി.സി-യുടെ ആഭിമുഖ്യത്തിൽ സ്ഥാപിക്കുന്ന ലൈഫ് സയൻസ് പാർക്കിനുവേണ്ടി തിരുവനന്തപുരം താലൂക്കിൽ വെയ്ലൂർ വില്ലേജിൽ 95.0613 ഹെക്ടർ (235 ഏക്കർ) ഭൂമി ഏറ്റെടുക്കുന്ന--തിന് ലാന്റ് അക്വിസിഷൻ ആക്ട് പ്രകാരം പ്രഖ്യാപനം നടത്തിയിട്ടുണ്ട്. രണ്ടു ഘട്ടങ്ങ-ളിലായി ഏറ്റെടുക്കാനുദ്ദേശിച്ചതിൽ ഒന്നാം ഘട്ടത്തിലെ 30.3828 (75 ഏക്കർ) ഭൂമിയിൽ നിന്ന് ഇതുവരെ 14.5152 ഹെക്ടർ (35.87 ഏക്കർ) ഭൂമി ഏറ്റെടുത്തുകഴിഞ്ഞു. |
| (ബി) ബാക്കി ഭൂമി ഏറ്റെടുക്കുന്നതിന് കളിമൺ ഖനന യൂണിറ്റുകൾ തടസ്സം നിൽക്കുന്നുണ്ടോ ; എങ്കിൽ ഏതെല്ലാം ഖനികളാണെന്ന് വ്യക്തമാക്കാമോ ; | (ബി) ഒന്നാം ഘട്ടത്തിൽ ഏറ്റെടുക്കാൻ ബാക്കി--യുള്ളതിൽ സർവ്വേ 183-ൽ ഐശ്വര്യ ക്ലേസ്, രണ്ടാം ഘട്ടത്തിൽപ്പെടുന്ന സർവ്വേ നം.206, 208 എന്നിവയിൽപ്പെട്ട ഭൂമിയിലെ രാധാക്ലേസ്, ദക്ഷിൺ ക്ലേസ് എന്നിങ്ങനെ മൂന്ന് കളിമൺ ഖനന യൂണിറ്റുകൾ പ്രവർത്തിക്കുന്നുണ്ട്. ഇവയുൾപ്പെടെ പതിനൊന്ന് റിട്ട് ഹർജികളിലായി 55.7160 ഹെക്ടർ (137.67 ഏക്കർ) ഭൂമി ഏറ്റെടു-ക്കുന്നതിനെതിരെ ഹൈക്കോടതി ഉത്തരവ് നിലവിലുണ്ട്. |
| (സി) ഭൂമി ഏറ്റെടുക്കുന്നതിന്മേലുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ ? | (സി) തടസ്സങ്ങൾ നീക്കം ചെയ്യുന്നതിനായി റിട്ട് ഹർജികളിൽ എതിർ സത്യവാങ്മൂലം ഫയൽ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ